വിട്ടുകൊടുക്കാമെന്നാണ്. അവർ ഈ സ്ഥാപനമേറെറടുത്ത് ഇത്രയും മഹത്തരമായ സ്ഥാപനവും ബഹുമാനപ്പെട്ട വിജയകുമാറിന്റെ അഭിപ്രായത്തിൽ ഇത്രയും കാര്യമാത്രപ്രസക്തമായി നടക്കുന്നതുമായ ഈ സ്ഥാപനത്തിന്റെ ലാഭനഷ്ടമൊക്കെ അവർ എടുക്കട്ടെ. അവർക്ക് വിട്ടുകൊടുക്കാൻ ഗവൺമെൻറ് തയ്യാറാണ്.

# VIII. റൂളിംഗ്

## സബ്ജക്ററ് കമ്മിററി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ ഒരു റൂളിംഗ് ഇന്നത്തേക്ക് മാററി വച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിററി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് ചേർക്കാത്തത് സംബന്ധിച്ചുള്ള റൂളിംഗാണ്. ബില്ലിൻമേലുള്ള സെലക്ട് കമ്മിററി റിപ്പോർട്ടുകൾക്കും സബ്ജക്ട് കമ്മിററി റിപ്പോർട്ടുകൾക്കുമാണ് സാധാരണയായി വിയോജനക്കുറിപ്പ് അനുവദിക്കാറുള്ളത്. സഭയുടെ സമഗ്രമായ പരിഗണനയ്ക്ക് അവ വരുന്നു എന്നതുകൊണ്ടാണ് ബില്ലുകളിൻമേലുള്ള റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് അനുവദിക്കുന്നത്. ധനാഭ്യർത്ഥന സംബന്ധിച്ച സബ്ജക്ട് കമ്മിററികളുടെ റിപ്പോർട്ട് സഭയുടെ സമഗ്രപരിഗണനയ്ക്ക് വരാറില്ല. അപ്രകാരമുള്ള റിപ്പോർട്ടുകൾക്ക് സാധാരണയായി വിയോജനക്കുറിപ്പ് അനുവദിക്കാറുമില്ല. സബ്ജക്ട് കമ്മിററി റിപ്പോർട്ടുകളിൽ ശുപാർശകൾ മാത്രമാണ് അടങ്ങിയിട്ടുള്ളത്. അല്ലാതെ അന്തിമ തീരുമാനം അല്ല. സബ്ജക്ട് കമ്മിററിയുടെ ശുപാർശകളെമാത്രം അടിസ്ഥാനമാക്കിയല്ല സഭയിൽ ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചകൾ നടക്കുന്നതും തീരുമാനമെടുക്കുന്നതും. എന്നിരുന്നാലും ചുരുക്കം ചില സന്ദർഭങ്ങളിൽ പ്രസക്ത വിഷയങ്ങളെപ്പററി വിയോജനക്കുറിപ്പ് അനുവദിച്ചിട്ടുള്ള കീഴ്വഴക്കങ്ങളും ഇല്ലാതില്ല.

വിയോജനക്കുറിപ്പ് തരുന്ന അംഗങ്ങൾ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്ന കമ്മിററി യോഗത്തിൽ സന്നിഹിതരാവുകയും റിപ്പോർട്ടിന്റെ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തിരിക്കേണ്ടതാണെന്നാണ് ചെയറിന്റെ സുചിന്തിതമായ അഭിപ്രായം. റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്ന കമ്മിററി യോഗത്തിൽ വരാതെയോ ഫൈനലൈസ് ചെയ്ത പ്രകാരമുള്ള റിപ്പോർട്ടിന്റെ ചർച്ചയിൽ പങ്കെടുക്കാതെയോ തരുന്ന വിയോജനക്കുറിപ്പുകൾ യഥാർത്ഥത്തിൽ റിപ്പോർട്ടിനുള്ള വിയോജനക്കുറിപ്പായി കണക്കാക്കാൻ നിർവ്വാഹമില്ല. "A note of dissent can be given by a member only after the report has been considered, adopted and finalised by the Committee" എന്നാണ് ശക്ധർ ആൻറ് കൗളിന്റെ Practice and Procedure of Parliament എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. റിപ്പോർട്ട് കമ്മിററി അവസാനമായി അംഗീകരിക്കുന്നതിനു മുമ്പ് നൽകുന്ന വിയോജനക്കുറിപ്പുകൾ സാങ്കൽപ്പികമാണ്. ഇപ്രകാരമുള്ള വിയോജനക്കുറിപ്പുകൾ നൽകുന്നതും അംഗീകരിക്കുന്നതും പാർലമെൻററി അവകാശങ്ങളുടെ abuse ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുമുമ്പ് 1988-89, 1990-91 എന്നീ വർഷങ്ങളിലെ ധനാഭ്യർത്ഥനയുടെ പരിശോധനയോടനുബന്ധിച്ച് പത്താം നമ്പർ സബ്ജക്ട് കമ്മിററിയിലെ ചില അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അവർ റിപ്പോർട്ട് ഫൈനലൈസ് ചെയ്ത യോഗത്തിൽ സംബന്ധിക്കുകയും റിപ്പോർട്ട് ഫൈനലൈസ് ചെയ്യുകയും ചെയ്തശേഷമാണ് വിയോജനക്കുറിപ്പ് നൽകിയത്. അതുകൊണ്ട് അവരുടെ വിയോജനക്കുറിപ്പ് സ്വീകരിക്കുവാനുള്ള ബാദ്ധ്യത വന്നുചേർന്നു. എന്നാൽ ഇവിടെ പ്രസക്തമായ വിയോജനക്കുറിപ്പ് പത്താം സബ്ജക്ട് കമ്മിററിയുടെ ഈ വർഷത്തെ ബഡ്ജററ് പരിഗണന സംബന്ധിച്ച റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്നതിനുള്ള കമ്മിററി ചേരുന്നതിന് മുമ്പാണ് ലഭിച്ചത്. ശുപാർശകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് പരിഗണിച്ച് പൂർത്തിയാക്കി അംഗീകരിക്കുന്നതിനു മുമ്പ് പ്രസ്തുത ശുപാർശകളിൻമേൽ വിയോജിപ്പ് പ്രകടിപ്പിക്കുവാൻ ആർക്കും തന്നെ കഴിയുകയില്ല. വിയോജിപ്പ് ചർച്ചകളിൻമേലല്ല മറിച്ച് മററ് തീരുമാനങ്ങളിലും ശുപാർശകളിലുമാണ് പ്രകടിപ്പിക്കേണ്ടത്. എന്നുതന്നെയല്ല വിയോജനക്കുറിപ്പ് തന്നവരിൽ ആരുംതന്നെ കമ്മിററി യോഗത്തിൽ ഹാജരായിരുന്നുമില്ല. ഇതെല്ലാം പരിഗണിച്ചശേഷമാണ് പത്താം നമ്പർ സബ്ജക്ട് കമ്മിററി ഈ കാര്യത്തിൽ തീരുമാനമെടുത്തത്. വിയോജനക്കുറിപ്പിൽ പറഞ്ഞിരുന്ന കാര്യങ്ങൾപോലും സഭയിൽ ചൂണ്ടിക്കാണിക്കാനുള്ള ഒരവസരവും ഇതുകൊണ്ട് ആർക്കും നിഷേധിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ വിയോജനക്കുറിപ്പ് റിപ്പോർട്ടിൽ ചേർക്കാതിരുന്നത് തെററാണെന്ന് ചെയർ കരുതുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: 10-ാം സബ്ജക്ട് കമ്മിററിയിൽ ഞാൻ ഒരംഗമാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് സത്യവിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ അനുഭവത്തിൽ നിന്ന് പറയുന്നതാണ്. കമ്മിററിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മീററിംഗിന് അദ്ദേഹം വരേണ്ടതായിരുന്നു, വന്നില്ല. ഡെൽഹിയിൽ അദ്ദേഹത്തിന് ജോലിത്തിരക്കുണ്ടാകുമല്ലോ. ബഹുമാനപ്പെട്ട കെ. എം. മാണി ആയിരുന്നു ആദ്ധ്യക്ഷം വഹിച്ചത്. മാണിയ്ക്കാണെങ്കിൽ അധികാരവുമില്ല. ഞങ്ങൾ പറഞ്ഞു ഇത് ചർച്ച ചെയ്ത് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കണം എന്ന്. അപ്പോൾ മാണി എനിക്ക് അതിന് അധികാരമില്ല, ഇവിടെയിരിക്കാനുള്ള അധികാരമേയുള്ളുയെന്ന് പറഞ്ഞുകൊണ്ട് മാററി വച്ചു. ഇനി മീററിംഗിന് തീയതി നിശ്ചയിക്കുമ്പോൾ ഞങ്ങൾക്കുകൂടി സൗകര്യമുള്ള ദിവസം വയ്ക്കണമെന്ന് പറഞ്ഞാണ് പിരിഞ്ഞത്. പിന്നീട് 19-ാം തീയതി മീററിംഗ് വച്ചിട്ടുണ്ടെന്ന് പറഞ്ഞ് അറിയിപ്പ് കിട്ടി. ഞങ്ങൾ പറഞ്ഞു ഞങ്ങൾക്ക് സൗകര്യമില്ല, ഞങ്ങൾക്ക് വേറെ പ്രോഗ്രാമുണ്ട്. ഞങ്ങളുമായിട്ട് ആലോചിച്ച് ഒരു ഡേററ് വയ്ക്കണം എന്ന്. പക്ഷേ അങ്ങനെയല്ല മാണി തീരുമാനിച്ചത്. മാണിക്ക് ആദ്യം അധികാരമില്ലായിരുന്നു, രണ്ടാമത് അധികാരം കൊടുത്തുവെന്നാണ് പറഞ്ഞത്. ഞങ്ങൾ പറഞ്ഞു ഞങ്ങളുടെ വിയോജനക്കുറിപ്പ് നിങ്ങൾക്ക് അയച്ചുതരാം, ഞങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കാൻ സൗകര്യമില്ല എന്ന്. ഇവിടെ സ്പീക്കർ തന്നെ പറഞ്ഞു 1988-89, 1990-91 എന്നീ വർഷങ്ങളിലെല്ലാം ധനാഭ്യർത്ഥന സംബന്ധിച്ച് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന്. പങ്കെടുക്കാനുള്ള അവസരം ഞങ്ങൾക്ക് കിട്ടണ്ടേ? അത് ഈ സ്പീക്കറുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ നിഷേധിക്കാൻ പററുമോ? നിങ്ങൾ അവസരം നിഷേധിക്കുകയല്ലേ ഇപ്പോൾ ചെയ്തിട്ടുള്ളത്. ഞങ്ങൾക്ക് പങ്കെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 3

സൗകര്യമുള്ള ഒരു ദിവസം വയ്ക്കാതെ നിങ്ങളുടെ സൗകര്യത്തിനും ഇഷ്ടത്തിനും, സമയത്തിനും യോഗം വച്ചാൽ പ്രതിപക്ഷത്തിന് പങ്കെടുക്കാൻ കഴിയുമോ? അങ്ങനെ ഏകപക്ഷീയമായി വയ്ക്കാതെ ധിക്കാരപരമായ ഈ തീരുമാനം എടുത്തതിന് സ്പീക്കർ ഒ. കെ. പറയരുത്. ഇത് പാർഷ്യലാണ്. മെമ്പർമാരുടെ അഭിപ്രായം കൂടെ എടുത്തുകൊണ്ട് തീരുമാനമെടുക്കണം. ഞങ്ങളുടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തണം, അല്ലെങ്കിൽ ഞങ്ങൾകൂടി അംഗീകരിക്കുന്ന ഡേററിൽ യോഗം വയ്ക്കണം.

മി. സ്പീക്കർ: അംഗങ്ങളുടെ അസൗകര്യം കണക്കിലെടുത്ത് യോഗം തീരുമാനിക്കേണ്ടത് പ്രൊപ്പൈററി കൺസ്ററ്യനാണ്. അത് ബന്ധപ്പെട്ട മന്ത്രി തീരുമാനിക്കേണ്ടതാണ്. ഞാൻ അതിൻെറ സാങ്കേതികവശം പറഞ്ഞതാണ്. കമ്മിററിയുടെ തീരുമാനം വന്നതിനുശേഷമേ വിയോജന കുറിപ്പ് വരാവൂ. അതിനു മുമ്പ് വിയോജനക്കുറിപ്പ് വരുന്നതെങ്ങനെ?

ശ്രീ. ഇ. കെ. നായനാർ: സാഹചര്യം നോക്കാതെ, ഒരാൾ ആത്മഹത്യ ചെയ്താൽ അത് തെററാണെന്ന് പറയാൻ പററുമോ?

മി. സ്പീക്കർ: ഞാൻ ഇന്നലെ രണ്ട് ഭാഗത്തു നിന്നുമുള്ള വാദം കേട്ടു. എനിക്ക് ശരിയായിട്ടുള്ള തീരുമാനമാണ് ഞാൻ പറഞ്ഞത്.

# IX. ധനകാര്യം

## 1993_94 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

### ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്ററിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1993_94 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഞാൻ പിൻതാങ്ങുന്നു.

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly